## പതിനാലാം കേരള നിയമസഭ
### ഏഴാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 320** — **07.08.2017 — ൽ മറുപടിക്ക്**

## <u>ദേശീയ ഭക്ഷ്യ സുരക്ഷാ മിഷൻ</u>

| <u>ചോദ്യം</u> | | <u>ഉത്തരം</u> |
|---|---|---|
| **ശ്രീ.സി.കെ. ഹരീന്ദ്രൻ :** | | **ശ്രീ. പി. തിലോത്തമൻ**<br>**(ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി)** |
| (എ) ദേശീയ ഭക്ഷ്യ സുരക്ഷാ മിഷന്റെ ഭാഗമായി പുനർ നിർണ്ണയിച്ച ബി.പിഎൽ, എ.പി.എൽ ലിസ്റ്റുകളിൽ വന്ന അപാകതകൾ പരിഹരിക്കുന്നതിനായി എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;<br><br>(ബി) അനർഹരെ ബി.പി.എൽ പട്ടികയിൽ നിന്നും ഒഴിവാക്കി അർഹരായവരെ ഉൾപ്പെടുത്തി പുതിയ റേഷൻ കാർഡ് പുനർ നിർണ്ണയിച്ച് നൽകുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് എന്ന് വിശദമാക്കാമോ;<br><br>(സി) ഓണത്തിന് മുൻപ് ബി.പി.എൽ, എ.പി.എൽ ലിസ്റ്റിലെ അപാകതകൾ പരിഹരിച്ച് നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ? | (എ) യും (ബി) യും (സി) യും | മുൻഗണനാ ലിസ്റ്റിൽ വന്ന അപാകതകൾ തിരുത്തി, 14.01.11 ലെ സ.ഉ(കൈ)നം. 16/2011/ത.സ്വ.ഭ.വ, 27.04.12 ലെ സ.ഉ (കൈ)നം.112/12/ത.സ്വ.ഭ.വ എന്നിവ പ്രകാരമുള്ള മാനദണ്ഡങ്ങൾ പ്രകാരം യോഗ്യത നേടുന്ന ഗുണഭോക്താക്കളെ എല്ലാവരെയും മുൻഗണനാ ലിസ്റ്റിൽ ഉൾപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരുന്നു. കൂടാതെ മത്സ്യ, കയർ, കശുവണ്ടി, തോട്ടം ഉൾപ്പെടെയുള്ള പരമ്പരാഗത തൊഴിലാളികളേയും, സർക്കാർ ജോലി ഉൾപ്പെടെ സ്ഥിര വരുമാനമുള്ളവരെ ഒഴിവാക്കി മറ്റെല്ലാ പട്ടികജാതി കുടുംബങ്ങളേയും മറ്റു മാനദണ്ഡങ്ങൾ മാറ്റിവെച്ച് മുൻഗണനാ ലിസ്റ്റിൽ ഉൾപ്പെടുത്തുന്ന കാര്യം സർക്കാരിന്റെ പരിഗണനയിലാണ്. ഇതിനുള്ള നടപടികൾ ത്വരിതഗതിയിൽ നടന്നു വരുന്നു. സർക്കാർ, അർദ്ധസർക്കാർ, സഹകരണ മേഖലയിലുള്ള ജീവനക്കാരെയും, പെൻഷൻകാരെയും മുൻഗണനാ പട്ടികയിൽ നിന്ന് ഒഴിവാക്കുന്നത് സംബന്ധിച്ച നിർദ്ദേശം സർക്കാർ പുറപ്പെടുവിച്ചിട്ടുണ്ട്. |

*സെക്ഷൻ ഓഫീസർ*